## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4252 — 03.02.2014 ന് മറുപടിയ്ക്ക്.

### ഐ.ടി.ഐ. കളുടെ നിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. റ്റി.എൻ. പ്രതാപൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകിരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി സംസ്ഥാനത്തെ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രാരംഭ പദ്ധതികൾ രൂപീകരിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങളെ ഐ.ടി.ഐ. കളുമായി ബന്ധിപ്പിച്ച് മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നൽകി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. |
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരി ച്ചിട്ടുള്ളത് ; | (സി) പദ്ധതി രൂപീകരിക്കുവാനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ? | (ഡി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 2014 ജനവരി 20, 21 തീയതികളിൽ തിരുവനന്തപുരത്തുവച്ച് "നൈപുണ്യം ഉച്ചകോടി" സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ലഭ്യമായ Expression of Interest (EoI) കളിൽ നിന്നും ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ വിശകലനം ചെയ്ത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ